പന്ത്രണ്ടാം കേരള നിയമസഭ

# പരിസ്ഥിതി സംബന്ധിച്ച സമിതി
## (2006–2009)

**നാലാമത് റിപ്പോർട്ട്**

(2008 ജൂലൈ 17–ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[പരിസ്ഥിതി സംബന്ധിച്ച സമിതി (1992–94) യുടെ ഒന്നാമത് റിപ്പോർട്ടിലെ വെള്ളായണിക്കായൽ/പൂക്കോട് തടാകം എന്നിവയെ സംബന്ധിച്ച ശുപാർശകളിന്മേലുള്ള നടപടികൾ സംബന്ധിച്ച റിപ്പോർട്ട്]**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2008

പന്ത്രണ്ടാം കേരള നിയമസഭ

# പരിസ്ഥിതി സംബന്ധിച്ച സമിതി
# (2006–2009)

നാലാമത് റിപ്പോർട്ട്

(2008 ജൂലൈ 17–ാം തീയതി സഭയിൽ സമർപ്പിച്ചത്)

[പരിസ്ഥിതി സംബന്ധിച്ച സമിതി (1992–94) യുടെ ഒന്നാമത് റിപ്പോർട്ടിലെ
വെള്ളായണിക്കായൽ/പൂക്കോട് തടാകം എന്നിവയെ സംബന്ധിച്ച
ശുപാർശകളിന്മേലുള്ള നടപടികൾ സംബന്ധിച്ച റിപ്പോർട്ട്]

749/2008.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| മുഖവുര | .. | vii |
| ആമുഖം | .. | ix |
| റിപ്പോർട്ട് | .. | 1 |

# സമിതിയുടെ ഘടന

അദ്ധ്യക്ഷൻ :

ശ്രീ. രാജാജി മാത്യു തോമസ്

അംഗങ്ങൾ :

ശ്രീ. കെ. വി. അബ്ദുൾ ഖാദർ
„ ബി. ഡി. ദേവസ്സി
„ എം. ഹംസ
„ റോഷി അഗസ്റ്റിൻ
„ വി. ഡി. സതീശൻ
„ എം. വി. ശ്രേയാംസ് കുമാർ
„ ടി. യു. കുരുവിള
„ എ. എം. യൂസഫ്.

നിയമസഭാ സെക്രട്ടേറിയറ്റ് :

ഡോ. എൻ. കെ. ജയകുമാർ, സെക്രട്ടറി
ശ്രീ. പി. ബി. ഉമ്മൻ, ജോയിന്റ് സെക്രട്ടറി
„ സി. ആർ. രഘുനാഥൻപിള്ള, ഡെപ്യൂട്ടി സെക്രട്ടറി
„ കെ. പത്മരാജു, അണ്ടർ സെക്രട്ടറി.

# മുഖവുര

പരിസ്ഥിതി സംബന്ധിച്ച സമിതി (2006-2009) യുടെ അദ്ധ്യക്ഷനായ ഞാൻ സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ നാലാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

പരിസ്ഥിതി സംബന്ധിച്ച സമിതി (1992-94) യുടെ ഒന്നാമത് റിപ്പോർട്ടിലെ വെള്ളായണിക്കായൽ, പൂക്കോട് തടാകം എന്നിവയെ സംബന്ധിച്ച ശുപാർശകളിന്മേലുള്ള ഈ റിപ്പോർട്ട് 2008 ജൂൺ മാസം 11-ാം തീയതി കൂടിയ സമിതി യോഗം അംഗീകരിച്ചു.

രാജാജി മാത്യു തോമസ്,<br>ചെയർമാൻ,<br>പരിസ്ഥിതി സംബന്ധിച്ച സമിതി.

തിരുവനന്തപുരം,<br>2008 ജൂലൈ,16.

# ആമുഖം

കുടിവെള്ളക്ഷാമം രൂക്ഷമായിക്കൊണ്ടിരിക്കുന്ന വർത്തമാന കാലഘട്ടത്തിൽ ജലസ്രോതസ്സുകൾ സംരക്ഷിക്കപ്പെടേണ്ടത് പരിസ്ഥിതിയുടെയും ജീവന്റെയും നില നിൽപ്പിന് അത്യന്താപേക്ഷിതമാണ്. ദൗർഭാഗ്യകരമെന്ന് പറയട്ടെ, നമ്മുടെ ജലസ്രോതസ്സു കളെല്ലാം തന്നെ വിവിധ തരത്തിലുള്ള മലിനീകരണ പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് വിധേയമായിക്കൊണ്ടിരിക്കുന്നതായാണ് നമുക്ക് കാണാൻ കഴിയുന്നത്. പരിസ്ഥിതി സംബന്ധിച്ച സമിതി (1992-94) യുടെ ആദ്യത്തെ റിപ്പോർട്ടിൽ കേരളത്തിലെ ശുദ്ധജല തടാകങ്ങളായ വെള്ളായണിക്കായൽ, ശാസ്താംകോട്ട കായൽ, പൂക്കോട് തടാകം എന്നീ ജലസ്രോതസ്സുകളെക്കുറിച്ചുള്ള പഠനമാണ് ഉൾപ്പെടുത്തിയിരുന്നത്. പ്രസ്തുത റിപ്പോർട്ടിലെ വെള്ളായണിക്കായൽ, പൂക്കോട് തടാകം എന്നീ ജലസ്രോതസ്സുകളുമായി ബന്ധപ്പെട്ട മലിനീകരണ പാരിസ്ഥിതിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സമിതി നിർദ്ദേശിച്ചിരുന്ന ശുപാർശകളിന്മേൽ ബന്ധപ്പെട്ട വകുപ്പുകൾ സ്വീകരിച്ച നടപടികളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

# റിപ്പോർട്ട്

## വെള്ളായണിക്കായൽ

1992 ജൂലൈ മാസം 27-നാണ് കേരള നിയമസഭയുടെ പരിസ്ഥിതി സംബന്ധിച്ച സമിതി രൂപീകൃതമായത്. പ്രസ്തുത സമിതി (1992-94) യുടെ ഒന്നാമത് റിപ്പോർട്ടിൽ കേരളത്തിലെ ശുദ്ധജല തടാകങ്ങളായ വെള്ളായണിക്കായൽ, ശാസ്താംകോട്ട കായൽ, പൂക്കോട് തടാകം എന്നീ ജലസ്രോതസ്സുകളെയാണ് സമിതി പഠനവിധേയ മാക്കിയിരുന്നത്. പ്രസ്തുത റിപ്പോർട്ട്, 1993 ഫെബ്രുവരി 2-ാം തീയതി സഭയിൽ സമർപ്പിക്കുകയുണ്ടായി. ആ റിപ്പോർട്ടിലെ 3 മുതൽ 11 വരെയുള്ള ഖണ്ഡികകളിൽ വെള്ളായണിക്കായൽ നേരിടുന്ന മലിനീകരണ പാരിസ്ഥിതിക പ്രശ്നങ്ങൾ സംബന്ധിച്ചും അവ പരിഹരിച്ച് പ്രസ്തുത കായലിന്റെ സംരക്ഷണം ഉറപ്പുവരുത്തുന്ന തിന് സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ചുള്ള ശുപാർശകളുമാണ് ഉൾപ്പെടുത്തിയി രുന്നത്.

2. പ്രസ്തുത റിപ്പോർട്ടിലെ 17 മുതൽ 24 വരെയുള്ള ഖണ്ഡികകളിൽ വയനാട് ജില്ലയിലെ പൂക്കോട് തടാകം അഭിമുഖീകരിക്കുന്ന പാരിസ്ഥിതിക പ്രശ്നങ്ങളും അവ പരിഹരിക്കുന്നതിനായി കൈക്കൊള്ളേണ്ട നടപടികൾ സംബന്ധിച്ച ശുപാർശക ളുമാണ് സമിതി നിർദ്ദേശിച്ചിരുന്നത്. എന്നാൽ, ഒന്നാമത് റിപ്പോർട്ട് സമർപ്പിച്ച് 14 വർഷം കഴിഞ്ഞിട്ടും മേൽപ്പറഞ്ഞ ജലസ്രോതസ്സുകളെ സംബന്ധിച്ച ശുപാർശകളി ന്മേൽ കാര്യമായ നടപടികളൊന്നും ഉണ്ടാകാതിരിക്കുകയും ഇതുസംബന്ധിച്ച് വീണ്ടും സമിതിക്ക് പരാതി ലഭിക്കുകയും ചെയ്തു.

3. ശാസ്താംകോട്ട ശുദ്ധജല തടാകത്തെയും പൂക്കോട് തടാകത്തെയും അപേക്ഷിച്ച് വ്യത്യസ്തമായ പാരിസ്ഥിതികാവസ്ഥ നിലനില്ക്കുന്ന ശുദ്ധജല സ്രോതസ്സാണ് വെള്ളായണിക്കായൽ. ഈ കായലിന്റെ സംരക്ഷണത്തിനായി പരിസ്ഥിതി സമിതി (1992-94) യുടെ ഒന്നാമത് റിപ്പോർട്ടിൽ സമിതി നിർദ്ദേശിച്ചിട്ടുള്ള ശുപാർശകൾ താഴെപ്പറയുന്നവയാണ്.

(1) സ്വകാര്യ വ്യക്തികൾക്ക് പതിച്ചുകൊടുത്തതും അവർ കൃഷി ചെയ്തു വരുന്നതുമായ ഭാഗങ്ങൾ ബണ്ടു നിർമ്മിച്ച് വേർതിരിക്കുകയും റിസർവോയർ ഉൾപ്പെടെ ഗവൺമെന്റിന്റേയും ഗവൺമെന്റ് സ്ഥാപന ങ്ങളുടേയും കൈവശം ഇരിക്കുന്ന കായൽ ആഴംകൂട്ടി ശുദ്ധജല തടാകമാക്കി നിലനിർത്താൻ നടപടി സ്വീകരിക്കുകയും ചെയ്യണം. ഇതിന്റെ വിവിധ വശങ്ങൾ പഠിച്ച് പദ്ധതിക്ക് രൂപം നൽകാൻ ഒരു വിദഗ്ദ്ധ സമിതി രൂപീകരിക്കണം.

(2) ചുറ്റുമുള്ള പാടശേഖരങ്ങളിൽ ഉപയോഗിക്കുന്ന രാസവളങ്ങളുടെയും കീടനാശിനികളുടെയും അംശങ്ങൾ തടാകത്തിൽ വന്നു ചേരാതിരിക്കാൻ നടപടി സ്വീകരിക്കണം.

(3) കാർഷിക കോളേജിന് ആവശ്യമുള്ള വെള്ളം കായലിൽ നിന്ന് ലഭ്യമാക്കണം.

(4) അനധികൃതമായി കയ്യേറിയവരെ ഒഴിപ്പിക്കാൻ നടപടി സ്വീകരിക്കുകയും മേലിൽ അത്തരം കയ്യേറ്റങ്ങൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കുകയും വേണം.

(5) കായലിലേയ്ക്കുള്ള മണ്ണൊലിപ്പ് തടയുന്നതിന് പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കണം.

(6) റവന്യൂ വകുപ്പും ഇറിഗേഷൻ വകുപ്പും കായലിന്റെ വിസ്തീർണ്ണം സംബന്ധിച്ചും സ്വകാര്യവ്യക്തികളുടെ കൈവശം ഇരിക്കുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണത്തെക്കുറിച്ചും നൽകിയ കണക്കുകൾ പരസ്പര വിരുദ്ധമായ തിനാൽ ഇക്കാര്യം സംയുക്തമായി പരിശോധിച്ച് ശരിയായ കണക്ക് സമിതിക്ക് ലഭ്യമാക്കണം. ഇതിനുവേണ്ടി റീസർവ്വേ നടത്തി മാപ്പ് ഉണ്ടാക്കുകയും വേണം.

(7) ശുദ്ധജല തടാകങ്ങളുടെ ഭരണപരമായ നിയന്ത്രണം (Administrative Control) ഇറിഗേഷൻ വകുപ്പിനായിരിക്കണം.

(8) ഇതിനുപുറമേ ഓരോ തടാകത്തിന്റെയും സംരക്ഷണ-വികസന പ്രവർത്തനങ്ങൾക്ക് നേതൃത്വം വഹിക്കുന്നതിന് ജില്ലാ കളക്ടറും (ചെയർമാൻ) ഇറിഗേഷൻ, ഫിഷറീസ്, കൃഷി, വനം, തദ്ദേശസ്വയംഭരണം, വാട്ടർ അതോറിറ്റി, ഡി. ആർ. ഡി. എ. തുടങ്ങിയ ഡിപ്പാർട്ടുമെന്റുകളുടെ ജില്ലാ മേധാവികളും തടാകം സ്ഥിതിചെയ്യുന്ന പ്രദേശങ്ങളുമായി ബന്ധപ്പെട്ട ജനപ്രതിനിധികളും അടങ്ങുന്ന ഒരു സംവിധാനം ഉണ്ടാക്കണം എന്ന് സമിതി ശുപാർശ ചെയ്യുന്നു. ഗവൺമെന്റിൽ നിന്നും കിട്ടുന്നതിനു പുറമേ മറ്റ് മേഖലകളിൽ നിന്നും ധനാഗമ മാർഗ്ഗങ്ങളും സഹായങ്ങളും കണ്ടെത്തി വികസന പ്രവർത്തനങ്ങൾ നടത്താൻ ഈ സംവിധാനത്തിന് അധികാരം ഉണ്ടായിരിക്കണം.

(9) ഇപ്പോൾ ഈ രംഗത്ത് വിവിധ വകുപ്പുകൾ നടത്തിക്കൊണ്ടിരിക്കുന്ന പ്രവർത്തനങ്ങൾ പരസ്പരധാരണയോടുകൂടിയല്ല എന്ന് കമ്മിറ്റി കരുതുന്നു. അതുകൊണ്ട് ഭാവിയിൽ ശുദ്ധജല തടാകങ്ങളുടെ എല്ലാ സംരക്ഷണ വികസന പ്രവർത്തനങ്ങളും മേൽപ്പറഞ്ഞ സംവിധാനത്തിന്റെ കീഴിൽ ഏകോപിപ്പിച്ച് നടത്തേണ്ടതാണെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(10) ശുദ്ധജല തടാകങ്ങളുടെ സംരക്ഷണ വികസന പ്രവർത്തനങ്ങൾക്ക് നിലവിലുള്ള നിയമങ്ങൾ അപര്യാപ്തമാണെന്ന് കാണുകയാണെങ്കിൽ ആവശ്യമായ നിയമനിർമ്മാണ നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

4. മേൽ സൂചിപ്പിച്ച ശുപാർശകളിന്മേൽ 1 മുതൽ 5 വരെയുള്ള ശുപാർശകൾക്ക് കൃഷിവകുപ്പിൽ നിന്നും ലഭിച്ച മറുപടി ചുവടെ ചേർക്കും പ്രകാരമാണ് :

5. വെള്ളായണി കായൽ ശുദ്ധജല തടാകമായി നിലനിർത്തുന്നതിനുള്ള നടപടികൾ ബന്ധപ്പെട്ട വകുപ്പുമായി യോജിച്ച് പുരോഗമിച്ചുവരുന്നു. കായലിലേക്കുള്ള മണ്ണൊലിപ്പ് തടയുന്നതിനായി കായലിന്റെ വൃഷ്ടിപ്രദേശത്തെ അഞ്ച് വാട്ടർ ഷെഡുകളായി തിരിച്ച് അതിൽ പള്ളിച്ചൽ വാട്ടർഷെഡിനെ ആർ.ഐ.ഡി.എഫ്-3 പദ്ധതിയിലും 9-ാം പദ്ധതിയിലെ എൻ.ഡബ്ള്യൂ.ഡി.പി.ആർ.എ. സ്കീമിലും ഉൾപ്പെടുത്തി മണ്ണു സംരക്ഷണ പ്രവർത്തനം നടത്തിവരുന്നു. ഇതിനാൽ കായലിലേക്കുള്ള മണ്ണൊലിപ്പും മണ്ണു നിക്ഷേപവും തടയാൻ കഴിഞ്ഞിട്ടുണ്ട്. മറ്റ് നാല് വാട്ടർഷെഡുകളിൽ മണ്ണു സംരക്ഷണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി 10-ാം പദ്ധതിയിലെ എൻ.ഡബ്ള്യൂ.ഡി.പി.ആർ.എ. സ്കീമിൽ ഉൾപ്പെടുത്തി പദ്ധതി പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

6. മേൽ സൂചിപ്പിച്ച മറുപടി ലഭിച്ചതിനുശേഷവും കായൽ മലിനീകരണ പ്രശ്നങ്ങളുമായി ബന്ധപ്പെട്ട നിരവധി പരാതികൾ സമിതിക്ക് ലഭിക്കുകയുണ്ടായി. പ്രസ്തുത പരാതികളുടെ അടിസ്ഥാനത്തിൽ സമിതി, ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ഇത് സംബന്ധിച്ച് ചർച്ച നടത്തുകയും 24-10-2007-ന് ബന്ധപ്പെട്ട വകുപ്പുദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ കായലും പരിസരപ്രദേശങ്ങളും സന്ദർശിക്കുകയും ചെയ്തു. സന്ദർശന വേളയിൽ സമിതിക്ക് താഴെപ്പറയുന്ന കാര്യങ്ങൾ മനസ്സിലാക്കാൻ കഴിഞ്ഞു.

7. കാഞ്ഞിരത്തടി, മാങ്കിലിക്കരി, നിലമേൽക്കരി, പണ്ടാരക്കരി, പുഞ്ചക്കരി എന്നീ പാടശേഖരങ്ങളും, റിസർവ്വോയറും കാർഷിക കോളേജിന്റെയും ഗവൺമെന്റിന്റെയും കൈവശമിരിക്കുന്ന കായലും ചേർന്ന് ഒരുകാലത്ത് വളരെ വിസ്തൃതമായിരുന്നു വെള്ളായണി കായൽ. മഴവെള്ളമായിരുന്നു ഈ കായലിലെ ജലസമ്പത്തിന്റെ ഉറവിടം. വർഷകാലങ്ങളിൽ കൃഷിചെയ്യുന്നതിനായി കായൽ ജലം വറ്റിച്ചിരുന്നതുമൂലം സമീപ പ്രദേശങ്ങളിലെ കിണറുകളിലും കുളങ്ങളിലും ജലനിരപ്പ് ക്രമാതീതമായി താഴുന്നതിന് ഇടയായിരുന്നു.

8. സമിതിയുടെ ഒന്നാമത് (1992-94) റിപ്പോർട്ടിൽ, കായലിന് ചുറ്റുമുള്ള പ്രദേശങ്ങളിൽ നെൽകൃഷിയ്ക്ക് ഉപയോഗിക്കുന്ന രാസവളങ്ങൾ, കീടനാശിനികൾ എന്നിവ കായലിനെ മലിനപ്പെടുത്തുന്നുവെന്ന വസ്തുത രേഖപ്പെടുത്തിയിരുന്നു. ഇതിനെ തുടർന്നാണ് കായൽകൃഷി നിർത്തലാക്കിയത്. നിർത്തിവച്ചിരുന്ന കായൽകൃഷി പുനഃരാരംഭിക്കാനുള്ള ശ്രമം ഉണ്ടായതായി സമിതിക്ക് സന്ദർശന വേളയിൽ മനസ്സിലാക്കാൻ കഴിഞ്ഞു.

9. ശ്രീപദ്മനാഭസ്വാമി ക്ഷേത്രത്തിൽ പൂജാദി കർമ്മങ്ങൾ നടത്തുവാൻ ആവശ്യമായ താമര വളർത്തുന്നതിനാണ് 1953 വരെ ഈ തടാകത്തെ ഉപയോഗപ്പെടുത്തിയിരുന്നതെന്നും അതിനുശേഷം ഇതിന്റെ ഭാഗങ്ങൾ പതിച്ചുകൊടുക്കുവാനും പുഞ്ചകൃഷിയ്ക്കുവേണ്ടി നികത്തുവാനും തുടങ്ങിയെന്നും സമിതിക്ക് മനസ്സിലാക്കാൻ കഴിഞ്ഞു.

10. കായലിന്റെ മൊത്തം വിസ്തൃതി സംബന്ധിച്ച് റവന്യൂ, ജലവിഭവം എന്നീ വകുപ്പുകളുടെ കണക്കിൽ സാരമായ അന്തരമുണ്ടെന്ന് സമിതിക്ക് ബോദ്ധ്യമായി.

11. 1994-ൽ റീസർവ്വേ നടന്നപ്പോൾ കായലിനോട് ചേർന്നുകിടക്കുന്ന ധാരാളം സ്ഥലങ്ങൾ റീസർവ്വേ ഉദ്യോഗസ്ഥർ പതിച്ചുകൊടുത്തതായി ജില്ലാ കളക്ടറിൽ നിന്നും

സമിതിക്ക് അറിയാൻ കഴിഞ്ഞു. 600-ൽപരം വീടുകൾ കായൽ ഭൂമിയിൽ ഉണ്ടെന്നും റീസർവ്വേക്ക്ശേഷം പട്ടയം കൊടുത്തതിൽ ക്രമക്കേടുകൾ നടന്നിട്ടുണ്ടെന്നും സമിതിക്ക് ബോദ്ധ്യമായി.

12. അനധികൃത കയ്യേറ്റവും കായൽ നികത്തലും വഴി കായലിന്റെ വിസ്തൃതി നാൾക്കുനാൾ കുറഞ്ഞുവരുന്നു. കായൽതീരത്ത് തുടർന്ന് വരുന്ന കൃഷിരീതികൾമൂലം രാസവളങ്ങളും കീടനാശിനികളും കലർന്ന് ഈ ജലസ്രോതസ്സ് മലിനീകരിക്കപ്പെടുന്നുണ്ട്.

13. കായലിന്റെ തീരത്ത് നടക്കുന്ന ടാങ്കർ ലോറി സർവ്വീസിംഗ് വഴിയും ഓയിലും മറ്റു മാരക മാലിന്യങ്ങളും ഈ ജലസ്രോതസ്സിൽ കലരുന്നതിനിടയാകുന്നുണ്ട്.

14. കശാപ്പുശാലകളിൽ നിന്നുള്ള മാംസാവശിഷ്ടങ്ങളുൾപ്പെടെയുള്ള ജൈവ മാലിന്യങ്ങൾ കായലിന്റെ പലഭാഗങ്ങളിലും നിക്ഷേപിക്കപ്പെടുന്നുണ്ടെന്ന് സമിതിക്ക് കണ്ടെത്താൻ സാധിച്ചു.

15. അനധികൃതമായ മണലൂറ്റും ഈ കായലിന്റെ നിലനില്പിന് വെല്ലുവിളിയായി തീർന്നിട്ടുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു.

16. കായലിലെ ജലത്തിൽ കാണപ്പെടുന്ന മനുഷ്യ വിസർജ്യവുമായി ബന്ധപ്പെട്ട അണുക്കളുടെ കൂടിയ തോതിലുള്ള സാന്നിദ്ധ്യം ജലജന്യമായ പല രോഗങ്ങൾക്കും കാരണമായേക്കാമെന്ന് സമിതി വിലയിരുത്തുന്നു.

17. വെള്ളായണിക്കായൽ നേരിടുന്ന വർദ്ധിച്ചതോതിലുള്ള കയ്യേറ്റങ്ങളും മലിനീകരണ പ്രശ്നങ്ങളും നേരിടുന്നതിനായി താഴെപ്പറയുന്ന അടിയന്തിര നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു :

(1) ജലവിതരണത്തിനായി ഉപയോഗിക്കപ്പെടുന്ന തടാകങ്ങളിൽ ജൈവ മാലിന്യങ്ങൾ കലരുന്നതുമൂലം പ്രസ്തുത ജലം കുടിവെള്ളമായി ഉപയോഗിക്കുന്നവരിൽ ഏതെങ്കിലും തരത്തിലുള്ള ജലജന്യരോഗങ്ങൾ പിടിപെടുന്നുണ്ടോയെന്നത് സംബന്ധിച്ച് ആരോഗ്യ സർവ്വേ നടത്തി ആവശ്യമായ പ്രതിരോധ നടപടികൾ അടിയന്തിരമായി സ്വീകരിക്കണമെന്നും ജൈവ മാലിന്യങ്ങൾ കായലിലേക്ക് ഒഴുക്കുന്നതു ശിക്ഷാർഹമായ കുറ്റകൃത്യമാക്കി നിയമനിർമ്മാണം നടത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

(2) പഴയ സർവ്വേരേഖകളുടെ അടിസ്ഥാനത്തിൽ വെള്ളായണി കായൽ പ്രദേശം പൂർണ്ണമായി സർവ്വേ നടത്തി കായലിന്റെ യഥാർത്ഥ അതിരുകൾ നിശ്ചയിച്ച് കൈയേറ്റക്കാരെ ഒഴിപ്പിക്കുന്നതിനും മേലിൽ കയ്യേറ്റമുണ്ടാകാതിരിക്കാനും ഭൂജല ഉപയോഗം പരിവർത്തനം നടത്താതിരിക്കുന്നതിനും ആവശ്യമായ നിയമ നിർമ്മാണം നടത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

(3) കേരളത്തിലെ അഷ്ടമുടിക്കായൽ, ശാസ്താംകോട്ടതടാകം, വേമ്പനാട് കായൽ എന്നിവ റംസർ കൺവെൻഷൻ പ്രകാരമുള്ള റംസർ സൊസൈറ്റികളായി പ്രഖ്യാപിച്ച് ആഗോള അംഗീകാരം നല്കിയിട്ടുള്ളത് മാതൃകയാക്കി, പ്രകൃതിദത്ത ശുദ്ധജല തടാകമെന്ന നിലയിൽ ജൈവ വൈവിധ്യ സമ്പന്നമായ വെള്ളായണിക്കായൽ പ്രദേശം കേരളത്തിലെ നാലാമത്തെ റംസർ പ്രദേശമായി പ്രഖ്യാപിക്കാൻ വേണ്ട നടപടികൾ കൈക്കൊള്ളണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(4) തിരുവനന്തപുരം ജില്ലയിലെ ഏക ശുദ്ധജല തടാകമായ വെള്ളായണി കായലും അതിനോട് ചേർന്ന് കിടക്കുന്ന പ്രദേശങ്ങളും സംരക്ഷിത മേഖലയായി പ്രഖ്യാപിച്ച് വെള്ളായണിക്കായലിനപ്പുറമുള്ള വെള്ളം കയറിക്കിടക്കുന്ന പുഞ്ചപ്പാടങ്ങളിലെ കൃഷിരീതി, രാസവളങ്ങൾ, കീടനാശിനികൾ എന്നിവയിൽ നിന്നും വിമുക്തമാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണം.

(5) മഴവെള്ളക്കൊയ്ത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത്, സ്വാഭാവിക മഴവെള്ള സംഭരണിയായ വെള്ളായണിക്കായലിൽനിന്ന് മാലിന്യങ്ങളും ചെളിയും നീക്കംചെയ്ത് സംഭരണശേഷി വർദ്ധിപ്പിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(6) വർക്കല സെഡിമെന്റിന്റെ ഭാഗമായ കനമേറിയ ഒരു മണൽ അട്ടിക്കുമുകളിലാണ് വെള്ളായണിക്കായൽ നിലകൊള്ളുന്നതെന്നും അമിതമായി മണൽ നീക്കപ്പെടുന്നത് ഈ പ്രദേശത്തിന്റെ ഭൂജല സ്രോതിനെ പ്രതികൂലമായി ബാധിക്കുമെന്നുമുള്ള 'സെസ്സിന്റെ' വിലയിരുത്തൽ കണക്കിലെടുത്ത് വെള്ളായണിക്കായൽ പ്രദേശത്തുനിന്ന് മണലെടുക്കുന്നത് കർശനമായി നിയന്ത്രിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(7) വെള്ളായണി കായൽതീരപ്രദേശത്തെ നിലവിലുള്ള പാടങ്ങളിലെ കൃഷി, പരിസ്ഥിതി സൗഹൃദ കാർഷിക പ്രവർത്തനമായിരിക്കണമെന്ന നിബന്ധന വയ്ക്കുകയും പ്രസ്തുത കാർഷിക പ്രവർത്തനങ്ങൾ സൂക്ഷ്മ നിരീക്ഷണത്തിന് വിധേയമാക്കുകയും വേണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

## പൂക്കോട് തടാകം

18. വയനാട് ജില്ലയിലെ വൈത്തിരി പഞ്ചായത്തിൽ സമുദ്രനിരപ്പിൽ നിന്നും 800 മീറ്റർ ഉയരത്തിൽ, പ്രകൃതിരമണീയമായ പശ്ചാത്തലത്തിൽ സ്ഥിതിചെയ്യുന്ന പൂക്കോട് തടാകം സംരക്ഷിക്കുന്നതിനും തടാകം നേരിടുന്ന പരിസ്ഥിതി മലിനീകരണം തടയുന്നതിനുമായി സമിതി (1992-1994) യുടെ ഒന്നാമത് റിപ്പോർട്ടിൽ 15 ശുപാർശകൾ നല്കിയിരുന്നു. പ്രസ്തുത ശുപാർശകൾ ചുവടെ ചേർക്കുന്നവയാണ് :

(1) തടാകത്തിലെ മണ്ണ് നീക്കം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കണം.

(2) ക്യാച്ച്മെന്റ് ഏരിയായിൽ അവിടുത്തെ മണ്ണിന് യോജിച്ചതും സ്വാഭാവിക വനത്തിന്റെ സ്വഭാവം കൈവരിക്കത്തക്കതും മണ്ണൊലിപ്പ് തടയാൻ പര്യാപ്തവുമായ വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കണം.

(3) ക്യാച്ച്മെന്റ് ഏരിയായിൽ കൃഷി ചെയ്യുന്നതും കന്നുകാലികളെ മേയ്ക്കുന്നതും കർശനമായി നിരോധിക്കണം.

(4) ക്യാച്ച്മെന്റ് ഏരിയായിൽ ഈറ, മുള, പുല്ല് തുടങ്ങിയവ നട്ടുപിടിപ്പിച്ച് ഗ്രീൻ ബെൽറ്റ് നിർമ്മിക്കണം.

(5) തടാകത്തിന് ചുറ്റുമായി റോഡിനും തടാകത്തിനുമിടയിൽ നിൽക്കുന്ന വൃക്ഷങ്ങളും സസ്യങ്ങളും സംരക്ഷിക്കുകയും അവിടെ കൂടുതൽ വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുകയും വേണം.

(6) ക്യാച്ച്മെന്റ് ഏരിയ പ്രൊട്ടക്റ്റഡ് ഏരിയ ആയി പ്രഖ്യാപിക്കണം.

(7) തടാകം മലിനമാക്കിയേക്കാവുന്ന യാതൊരു പ്രവർത്തനങ്ങളും അനുവദിക്കാതിരിക്കണം.

(8) മത്സ്യം വളർത്തൽ, തടാകത്തിന്റെ എക്കോ സിസ്റ്റത്തെ ബാധിക്കയില്ലെന്നുറപ്പുവരുത്തിയിട്ട് മാത്രമേ അനുവദിക്കേണ്ടതുള്ളൂ. ഇതിന്റെ വിവിധ വശങ്ങളെക്കുറിച്ച് വിശദമായ പഠനം നടത്തുകയും ഇതിലേക്കായി ഒരു വിദഗ്ദ്ധ സമിതിയുടെ അഭിപ്രായമാരായുകയും വേണം.

(9) തടാകത്തിലെ ജലത്തിന്റെ ഗുണനിലവാരം കാലാകാലങ്ങളിൽ പരിശോധിക്കുന്നതിനുള്ള സംവിധാനമുണ്ടാക്കണം.

(10) ടൂറിസം സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന്മുമ്പ് അത് പരിസ്ഥിതി പ്രശ്നങ്ങളുണ്ടാക്കുകയില്ലെന്ന് ഉറപ്പുവരുത്തുകയും പരിസ്ഥിതി സന്തുലിതാവസ്ഥയെ ബാധിക്കുന്ന വികസന പ്രവർത്തനങ്ങൾ അനുവദിക്കാതിരിക്കുകയും വേണം.

(11) വിനോദ സഞ്ചാരികൾക്ക് താമസിക്കുന്നതിനുള്ള സൗകര്യമുണ്ടാക്കിയാൽ അത് പരിസ്ഥിതി പ്രശ്നങ്ങൾക്ക് കാരണമാകുമെന്ന വസ്തുത പരിഗണിച്ച് ഇവിടെ താമസ സൗകര്യം അനുവദിക്കാതിരിക്കുകയും തടാകം സന്ദർശിച്ച് തിരിച്ച് പോകുന്നതിനുള്ള സൗകര്യം മാത്രം അനുവദിക്കുകയും ചെയ്യുക.

(12) തടാകത്തിനടുത്തുകൂടിയുള്ള റോഡ് നിർമ്മാണം തടാകത്തിന്റെ എക്കോ സിസ്റ്റത്തിന് ഭീഷണിയാകുമെന്ന വസ്തുത കണക്കിലെടുത്ത് നിലവിലുള്ള റോഡുകൾക്ക് പുറമേ പുതിയ റോഡുകൾക്ക് അനുമതി നൽകാതിരിക്കുകയും തടാകത്തിനടുത്ത് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നതിനു പുറമേ ഭാവിയിൽ താൽക്കാലികവും സ്ഥിരവുമായ എല്ലാ നിർമ്മാണ പ്രവർത്തനങ്ങളും കർശനമായി നിരോധിക്കുകയും ചെയ്യണം.

(13) തടാകത്തിന് സമീപം കാണുന്ന ചപ്പുചവറുകൾ (garbage) ഡിസ്പോസ് ചെയ്യുന്നതിനുള്ള സംവിധാനം ഉണ്ടാക്കണം.

(14) തടാകം മലിനമാക്കാതെ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ജനങ്ങളെ ബോധവാന്മാരാക്കുന്നതിനായി ബോധവൽക്കരണ പരിപാടി നടത്തണം.

(15) തടാകത്തിന്റെ സംരക്ഷണ വികസന പ്രവർത്തനങ്ങൾ ഫലപ്രദമായി നടത്തുന്നതിനുവേണ്ടി റിപ്പോർട്ടിന്റെ 11-ാം ഖണ്ഡികയിലെ (7), (8), (9), (10) ശുപാർശകൾ ഇവിടെ ആവർത്തിക്കുന്നു. (പേജ് 2 കാണുക) തടാകത്തിന്റെ സംരക്ഷണത്തിനായി ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുകയും അതനുസരിച്ച് സംരക്ഷണ വികസന പ്രവർത്തനങ്ങൾ നടത്തുകയും വേണം.

19. മേൽ സൂചിപ്പിച്ച ശുപാർശകളിന്മേൽ മത്സ്യബന്ധന തുറമുഖം, ശാസ്ത്ര സാങ്കേതിക പരിസ്ഥിതി, റവന്യൂ, ജലവിഭവം, വിനോദസഞ്ചാരം എന്നീ വകുപ്പുകൾ സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കും പ്രകാരമാണ്.

## മത്സ്യബന്ധന തുറമുഖ വകുപ്പ്

### ഒന്നാമത് ശുപാർശയിന്മേൽ സ്വീകരിച്ച നടപടി

20. തടാകത്തിന്റെ അടിത്തട്ടിൽ അടിഞ്ഞു കൂടിയിട്ടുള്ള മണ്ണും ചെളിയും നിക്കം ചെയ്യുന്നത് അതിന്റെ സ്വഭാവത്തെയും അളവിനെയും തടാകത്തെപ്പറ്റി തന്നെയും വിശദമായ പഠനം നടത്തിയതിനുശേഷം നടത്തേണ്ടതാണ് എന്നതിനാൽ ഒരു ഹൈഡ്രോഗ്രാഫിക് സർവ്വേ നടത്തിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും ഫിഷറീസ് റിസോഴ്സ് മാനേജ്മെന്റ് സൊസൈറ്റിയുടെ പങ്കാളിത്തത്തോടുകൂടി ഇത് നടത്തിയതിനുശേഷം മണ്ണ് നീക്കം നടത്തുന്നതാണെന്നും അറിയിച്ചു. അത്തരം ഒരു പഠനം നടത്താതെ മണ്ണ് നീക്കം ചെയ്യുന്നത് തടാകത്തിലെ വാട്ടർസോയിൽ ഇന്റർഫേസിനെ തകിടം മറിക്കുകയും ആവാസവ്യവസ്ഥയെ പ്രതികൂലമായി ബാധിക്കാനിടയുണ്ടെന്നും ടൂറിസം വികസനത്തിനായി നടക്കുന്ന പ്രവർത്തനങ്ങൾ നിർത്തിവെച്ചെങ്കിൽ മാത്രമേ ഫലപ്രദമായി ഡിസിൽറ്റിംഗ് ജോലി നടത്താൻ കഴിയൂ എന്നും തടാകത്തിലെയും അതിന്റെ കരകളിലെയും നിലവിലുള്ള ഇടപെടൽ മേൽ പ്രസ്താവിച്ച പഠനത്തിനും ജോലി നിർവ്വഹണത്തിനും തടസം നിൽക്കുന്നതിനാൽ അത് ഒഴിവാക്കികിട്ടുന്നതിനും തടാകത്തിന്റെ പൂർണ്ണമായ നിയന്ത്രണം ഫിഷറീസ് വകുപ്പിന് തന്നെ ഉണ്ടായിരിക്കേണ്ടത് ആവശ്യമാണെന്നും സമിതിയെ അറിയിച്ചു.

### രണ്ടാമത് ശുപാർശയിന്മേൽ സ്വീകരിച്ച നടപടി

21. ക്യാച്ച്മെന്റ് ഏരിയ സർക്കാർ നിക്ഷിപ്ത വനമാണെങ്കിലും പൂക്കോട് ഡെയറി പ്രോജക്ടിന് കൈമാറിയ സ്ഥലമാണ്. ക്യാച്ച്മെന്റ് ഏരിയായിൽ അവിടത്തെ മണ്ണിന് യോജിച്ചതും മണ്ണൊലിപ്പ് തടയുവാൻ പര്യാപ്തവുമായ വൃക്ഷങ്ങൾവച്ചു പിടിപ്പിക്കുന്ന ജോലി വനംവകുപ്പിന് ചെയ്യുവാൻ സാധിക്കുന്നതാണ്. പൂക്കോട് ഡെയറി പ്രോജക്ട് അപേക്ഷിക്കുന്ന മുറയ്ക്കും ഫണ്ട് ലഭ്യമാക്കുന്ന മുറയ്ക്കും ഈ പ്രവൃത്തികൾ ചെയ്തു തീർക്കുന്നതാണ്.

### മൂന്നാമത് ശുപാർശയിന്മേൽ സ്വീകരിച്ച നടപടി

22. ക്യാച്ച്മെന്റ് ഏരിയായിൽപ്പെടുന്ന പൂക്കോട് ഡെയറി പ്രോജക്ടിന്റെ കൈവശമില്ലാത്ത വനഭൂമിയിൽ കന്നുകാലികളെ മേയ്ക്കുന്നതും കൃഷി നടത്തുന്നതും നിരോധിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

### നാലാമത് ശുപാർശയിന്മേൽ സ്വീകരിച്ച നടപടി

23. ക്യാച്ച്മെന്റ് ഏരിയായിൽ ഈറ, മുള, പുല്ല് തുടങ്ങിയവ വളർത്തി ഗ്രീൻബൽറ്റ് നിർമ്മിക്കുന്ന പ്രവർത്തനങ്ങൾ ഫണ്ട് ലഭ്യമാക്കുന്നമുറയ്ക്ക് വനംവകുപ്പ് ആരംഭിക്കുന്നതും പൂർത്തിയാക്കുന്നതുമാണ്.

അഞ്ചാമത് ശുപാർശയിന്മേൽ സ്വീകരിച്ച നടപടി

24. പൂക്കോട് തടാകത്തിനു ചുറ്റുമുള്ള വനഭൂമിയിൽ കൂടുതൽ വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. പ്രസ്തുത സ്ഥലം പൂക്കോട് ഡെയറി പ്രോജകട് തന്നെ ഏറ്റെടുത്ത് നടത്തുവാൻ നിർദ്ദേശം നല്കുന്നതാണ്.

ആറാമത് ശുപാർശയിന്മേൽ സ്വീകരിച്ച നടപടി

25. വംശനാശം അഭിമുഖീകരിക്കുന്ന വിവിധ തരത്തിലുള്ള അപൂർവ ഇനം മത്സ്യങ്ങളും അന്തർദേശീയതലത്തിൽതന്നെ വളരെയേറെ വിപണന സാദ്ധ്യത യുള്ളതുമായ അലങ്കാരമത്സ്യങ്ങളും ഉള്ള ആവാസകേന്ദ്രമാണ് പൂക്കോട് തടാകവും അതിനോടനുബന്ധിച്ചുള്ള നീരുറവകളും എന്നതിനാൽ പൂക്കോട് തടാകം സംരക്ഷിതമേഖലയായി പ്രഖ്യാപിക്കേണ്ടതാണ്. ഫിഷറീസ് നിയമ പ്രകാരമോ വന്യജീവി സംരക്ഷണ നിയമപ്രകാരമോ വേണ്ടിവന്നാൽ പ്രത്യേക ഓർഡിനൻസി ലൂടെയോ ഇത് ചെയ്യുന്ന കാര്യം പരിഗണിക്കാവുന്നതാണ്. ആവാസ വ്യവസ്ഥാ പ്രാധാന്യമുള്ളതും വിനാശകരമായ തോതിൽ വംശനാശം അഭിമുഖീകരിക്കുന്നതുമായ അപൂർവ്വ മത്സ്യശേഖരമായ പൂക്കോട് തടാകം അതിന്റെ എല്ലാ പ്രാകൃതിക ആവാസ പ്രത്യേകതകളോടുകൂടി നിലനിർത്തേണ്ടതിന്റെ ആവശ്യകത ഫിഷറീസ് റിസോഴ്സ് മാനേജ്മെന്റ് സൊസൈറ്റിയുടെ പഠനത്തിൽ വ്യക്തമായിട്ടുണ്ട്.

ഏഴാമത് ശുപാർശയിന്മേൽ സ്വീകരിച്ച നടപടി

26. പൂക്കോട് തടാകം മലിനമാക്കുന്നതിനെതിരെ എല്ലാ മുൻകരുതലുകളും വളരെ മുമ്പുതന്നെ ഫിഷറീസ് വകുപ്പ് ഏർപ്പെടുത്തിയിരുന്നു. തടാകത്തിലടിഞ്ഞുകൂടുന്ന മാലിന്യങ്ങൾമൂലം അടിത്തട്ട് ദുഷിക്കുമ്പോൾ ബോട്ടം ഡ്രെയിനേജിനുവേണ്ടി പ്രത്യേകം വാൽവ് സ്ഥാപിച്ചിരുന്നു. എന്നാൽ ഫിഷറീസ് വകുപ്പിന്റെ അനുവാദം കൂടാതെ 1996-97 കാലഘട്ടത്തിൽ ബോട്ടം ഡ്രെയിനേജ് സൗകര്യം തടസപ്പെടുത്തി കൊണ്ട് ബണ്ട് നിർമ്മിക്കുകയാണ് ടൂറിസം കൗൺസിൽ ചെയ്തത്. ബോട്ടിംഗ് സൗകര്യത്തിന് വേണ്ടി തടാകത്തിൽ ജലനിരപ്പ് ഉയർത്താൻ വേണ്ടിയാണ് അവർ അത് ചെയ്തിട്ടുള്ളത് എന്നും തടാകത്തിന്റെ മൊത്തത്തിലുള്ള ബാക്ടീരിയൽ റോഡും വിനാശകാരികളായ വാതകങ്ങളുടെ സാന്നിദ്ധ്യവും അടിത്തട്ടിൽ വർദ്ധിക്കാൻ ഇത് കാരണമായിട്ടുണ്ട്. ഇത് മത്സ്യനാശത്തിന് കാരണമാകുന്നുണ്ട്. ഇതിനും പുറമെ സമീപപ്രദേശങ്ങളുടെ കാർഷിക പ്രവർത്തനങ്ങൾക്കിടയിൽ ഉപയോഗിക്കപ്പെടുന്ന കീടനാശിനികൾ മഴക്കാലത്ത് തടാകത്തിലേയ്ക്ക് ഒഴുകിയെത്തുകയും അടിഞ്ഞു കൂടുകയും ചെയ്യുന്നുണ്ട്. 2002 ഓഗസ്റ്റിൽ തടാകത്തിലുണ്ടായ മത്സ്യനാശം ഈ സാഹചര്യത്തിലായിരുന്നു എന്ന് സെൻട്രൽ മറൈൻ ഫിഷറീസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് നടത്തിയ പഠനറിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുണ്ട്.

എട്ടാമത് ശുപാർശയിന്മേൽ സ്വീകരിച്ച നടപടി

27. കോഴിക്കോട്ടുള്ള സെൻട്രൽ വാട്ടർ റിസോഴ്സ് ഡവലപ്മെന്റ് ആന്റ് മാനേജ്മെന്റ് സർക്കാരിനു സമർപ്പിച്ചു എന്നു പറയപ്പെടുന്ന റിപ്പോർട്ടിൽ പൂക്കോട് തടാകത്തിൽ മത്സ്യകൃഷി നടത്തുന്നത് പരിസ്ഥിതി പ്രശ്നം സൃഷ്ടിക്കുമെന്ന്

സൂചിപ്പിച്ചിട്ടുണ്ടല്ലോയെന്നും സമിതി തെളിവെടുപ്പു സമയത്ത് ആരാഞ്ഞിരുന്നു. സെൻട്രൽ വാട്ടർ റിസോഴ്സ് ഡവലപ്മെന്റ് ആന്റ് മാനേജ്മെന്റ് നല്കിയെന്ന് പറയുന്ന റിപ്പോർട്ട് കണ്ടില്ല എന്ന് ബന്ധപ്പെട്ട ഫിഷറീസ് അധികൃതർ മറുപടി നല്കി. മത്സ്യംവളർത്തൽ തടാകത്തിൽ ഉണ്ടാക്കാവുന്ന പാർശഫലങ്ങളെപ്പറ്റി നന്നായി പഠിച്ചതിനുശേഷമേ ഫിഷറീസ് വകുപ്പ് അത്തരം ഒരു സംരംഭത്തിന് മുതിരുകയുള്ളൂ. തടാകത്തിൽ യഥാർത്ഥത്തിൽ മറ്റു കൃഷിപ്പാടങ്ങളിൽ നടത്തുന്ന മത്സ്യകൃഷി പ്രവർത്തനമല്ല നടത്തുക എന്നും അതിന്റെ ആവാസവ്യവസ്ഥയ്ക്ക് യാതൊരു കോട്ടവും തട്ടാത്ത രീതിയിൽ പ്രകൃതിക്കിണങ്ങുന്ന ഇനങ്ങളുടെ കുഞ്ഞുങ്ങളെ നിരന്തരം തടാകത്തിലേക്ക് വിടുകയും അവയുടെ വളർച്ച പരിശോധിച്ചുകൊണ്ട് പ്രകൃത്യാ ഉണ്ടാവേണ്ടുന്ന സ്പീഷിസ് കോംപസിഷൻ ഉറപ്പാക്കുകയുമാണ് ചെയ്യുക. സമീപപ്രദേശങ്ങളിലേക്കും ഈ ഇനങ്ങളെ വ്യാപിപ്പിക്കുന്നതിനുള്ള ഒരു കേന്ദ്രമായി തടാകം അതുവഴിമാറും. കൂടെക്കൂടെ വളർച്ച പരിശോധന ജൈവവൈവിദ്ധ്യ പരിശോധന എന്നിവയ്ക്കുവേണ്ടി സുരക്ഷിതമായ രീതിയിൽ സാമ്പിൾ നൈറ്റിംഗ് നടത്തുകയും ചെയ്യും. അതിലൂടെ ലഭിക്കുന്ന വളർച്ച എത്തിയതും തുടർന്ന് തടാകത്തിന് ആവശ്യമില്ലാത്തതും തടാകത്തിന്റെ ഹോൾഡിംഗ് കപ്പാസിറ്റിക്ക് ഉപരിയായി കാണുന്നതും ആയ മത്സ്യങ്ങളെ മാത്രമാണ് വിറ്റൊഴിവാക്കേണ്ടിവരിക. ഇക്കാര്യങ്ങൾ സമിതി മുമ്പാകെ ബോധിപ്പിക്കുകയുണ്ടായി. മാത്രമല്ല മത്സ്യസമ്പത്തിന്റെ നിലനിലപ്പിനും മത്സ്യകൃഷി പരിപോഷണത്തിനും വേണ്ടിയാണ് ഫിഷറീസ് വകുപ്പ് വളരെ താത്പര്യത്തോടെ പൂക്കോട് തടാകവും അനുബന്ധ സ്ഥലങ്ങളും വിലകൊടുത്ത് 1959-ൽ ഒരു സ്വകാര്യവ്യക്തിയിൽ നിന്നും വാങ്ങിയത്. അപ്പോൾ ഫിഷറീസ് റിസോഴ്സ് മാനേജ്മെന്റ് സൊസൈറ്റിയുടെ മേൽനോട്ടത്തിൽ നടപ്പാക്കാൻ തുടങ്ങുന്ന മഹസീർ വികസനപദ്ധതി പരിസ്ഥിതി സന്തുലനത്തിനും സംരക്ഷണത്തിനും മുൻതൂക്കം നല്കുന്നതാണെന്നും സമിതിയെ അറിയിച്ചു.

ഒമ്പതാമത് ശുപാർശയിന്മേൽ സ്വീകരിച്ച നടപടി

28. തടാകത്തിലെ ജലത്തിന്റെ ഗുണനിലവാരം ലഭ്യമായ സൗകര്യങ്ങളുപയോഗിച്ച് കാലാകാലങ്ങളിൽ വിലയിരുത്തി വരുന്നുണ്ട്. കൂടുതൽ വിശദമായ പരിശോധനകൾ നടത്തുന്നതിനുള്ള സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനുവേണ്ടി ഒരു അക്വാക്ലിനിക് സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ ഫിഷറീസ് വകുപ്പിന്റെ പരിഗണനയിലാണ്. ഇത് സ്ഥാപിതമാകുന്നതോടെ മലിനീകരണമടക്കമുള്ള കാര്യങ്ങളെ സംബന്ധിച്ച് നിരന്തര പരിശോധന സാദ്ധ്യമാക്കുന്നതാണ്. ഫിഷറീസ് റിസോഴ്സ് മാനേജ്മെന്റ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിലുള്ള മഹസീർ വികസന പദ്ധതി നിലവിൽ വരുന്നതോടെ സമ്പൂർണ്ണ ഗുണനിലവാര പരിശോധന സാദ്ധ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു.

പത്താമത് ശുപാർശയിന്മേൽ സ്വീകരിച്ച നടപടി

29. ഇക്കാര്യത്തിൽ ഫിഷറീസ് വകുപ്പിന് പൂർണ്ണ യോജിപ്പാണ്. പരിസ്ഥിതി സന്തുലിതാവസ്ഥയ്ക്ക് ദോഷം ചെയ്യുന്ന ടൂറിസം പ്രവർത്തനങ്ങൾ നിയന്ത്രിക്കണമെന്ന് ടൂറിസം വകുപ്പിനോട് അഭ്യർത്ഥിക്കുന്നതാണ്.

പതിനൊന്നാമത് ശുപാർശയിന്മേൽ സ്വീകരിച്ച നടപടി

30. സന്ദർശകർക്ക് താമസസൗകര്യം അനുവദിച്ചിട്ടില്ലെന്നും സഞ്ചാരികൾ തടാകം സന്ദർശിച്ചു തിരിച്ചുപോകുന്ന സംവിധാനമാണ് ഇപ്പോൾ നിലവിലുള്ളതെന്നും ടൂറിസം വകുപ്പ് അറിയിച്ചിട്ടുണ്ട്.

പന്ത്രണ്ടാമത് ശുപാർശയിന്മേൽ സ്വീകരിച്ച നടപടി

31. തടാകത്തിനടുത്തുകൂടി പുതിയ റോഡുകളൊന്നും അനുവദിക്കുന്നതല്ല. എല്ലാവിധത്തിലുള്ള നിർമ്മാണ പ്രവർത്തനങ്ങളും നിർത്തിവച്ചിരിക്കുകയാണ്. നിലവിലുള്ള പഴയകെട്ടിടങ്ങൾ അറ്റകുറ്റപണികൾ ചെയ്ത് മോടിപിപ്പിക്കുന്നതാണ്. റോഡ്സൈഡിൽ പ്രകൃതിക്കനുസരിച്ചുള്ള ചെറിയ മതിലും ഗേറ്റും വേലിയുമൊഴികെ മറ്റു യാതൊരു നിർമ്മാണപ്രവർത്തനങ്ങളും നടത്തുന്നതല്ല. ടൂറിസത്തിന്റെ ഭാഗമായി കൂടുതൽ റോഡുകളും നിർമ്മാണ പ്രവർത്തനങ്ങളും നടത്തരുതെന്ന് ടൂറിസം വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

പതിമൂന്നാമത് ശുപാർശയിന്മേൽ സ്വീകരിച്ച നടപടി

32. ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

പതിനാലാമത് ശുപാർശയിന്മേൽ സ്വീകരിച്ച നടപടി

33. പരിസ്ഥിതി പ്രവർത്തകർ, വിവിധ വകുപ്പുകൾ എന്നിവയുടെ സഹകരണത്തോടെ ബോധവത്ക്കരണ ക്ലാസുകൾ നടത്തുന്നുണ്ട്.

## ശാസ്ത്രസാങ്കേതിക പരിസ്ഥിതി വകുപ്പ്

34. സമിതി ശുപാർശയിന്മേൽ ശാസ്ത്ര-സാങ്കേതിക പരിസ്ഥിതി വകുപ്പ് സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ടിൽ, പൂക്കോട് തടാകത്തിന്റെ പഠനം കോഴിക്കോട്ടുള്ള സെന്റർ ഫോർ വാട്ടർ റിസോഴ്സസ് ആന്റ് മാനേജ്മെന്റ് നടത്തുന്നുണ്ടെന്നും ഇതിനുള്ള ധനസഹായം പ്രസ്തുത വകുപ്പാണ് നല്കുന്നതെന്നും വ്യക്തമാക്കുന്നു.

## റവന്യൂ വകുപ്പ്

35. 12-ാം ശുപാർശയിന്മേൽ റവന്യൂ വകുപ്പ് സ്വീകരിച്ച നടപടികൾ സംബന്ധിച്ച റിപ്പോർട്ട് താഴെപറയും പ്രകാരമാണ്.

36. തടാകത്തിനടുത്തുകൂടിയുള്ള റോഡ് നിർമ്മാണം തടാകത്തിന്റെ എക്കോസിസ്റ്റത്തിന് ഭീഷണിയാകുമെന്ന വസ്തുത കണക്കിലെടുത്ത് നിലവിലുള്ള റോഡുകൾക്കു പുറമേ ടൂറിസ വികസനത്തോടനുബന്ധിച്ച് പുതിയ റോഡുകൾക്ക് അനുമതി നൽകുന്നില്ല. കൂടാതെ തടാകത്തിനടുത്ത് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നതിനു പുറമേ ഭാവിയിൽ താൽക്കാലികവും സ്ഥിരവുമായ എല്ലാ നിർമ്മാണ പ്രവർത്തനങ്ങളും കർശനമായി നിരോധിച്ചിട്ടുണ്ട്.

37. മേലിൽ എന്തെങ്കിലും നടപടികൾ ഉണ്ടായാൽ അത് പരിസ്ഥിതിയെ ബാധിക്കാത്ത തരത്തിലായിരിക്കണമെന്നുകൂടി ജില്ലാ കളക്ടറെ അറിയിച്ചിട്ടുണ്ട്. ഈ വിഷയത്തെ സംബന്ധിച്ച നടപടികൾ സ്വീകരിക്കുന്നത് വിനോദസഞ്ചാര വകുപ്പ് ആണെന്നകാര്യംകൂടി പ്രസ്തുത റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

## ജലവിഭവ വകുപ്പ്

38. 15-ാം ശുപാർശയിൽ ആവർത്തിച്ച 11-ാം ഖണ്ഡികയിലെ ഏഴാമത് ശുപാർശയിന്മേൽ ജലസേചന വകുപ്പ് സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.

39. ഒൻപതാം കേരള നിയമസഭയുടെ പരിസ്ഥിതി സമിതി അതിന്റെ 1992-94-ലെ റിപ്പോർട്ടിൽ ശുപാർശ ചെയ്തപ്രകാരം വെള്ളായണി കായൽ, ശാസ്താംകോട്ട കായൽ, പൂക്കോട് തടാകം എന്നിവ ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിന്റെ അധീനതയിൽ കൊണ്ടുവരുന്ന കാര്യം തത്വത്തിൽ അംഗീകരിക്കാവുന്നതാണ്. പക്ഷേ, പഞ്ചായത്തിന്റെ അധീനതയിലുള്ള ഈ തടാകങ്ങൾ, പഞ്ചായത്തിന്റെ സമ്മതത്തോടുകൂടി ആവശ്യമായ നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചതിന്റെ ശേഷം മാത്രമേ ഇറിഗേഷൻ വകുപ്പിന് ഏറ്റെടുക്കാനാകൂ. ഏറ്റെടുത്താൽതന്നെയും പരിസ്ഥിതി സമിതി നിർദ്ദേശിച്ച രീതിയിലുള്ള പരിഷ്ക്കാരങ്ങൾ ഏർപ്പെടുത്തണമെങ്കിൽ, ആയതിന് വേണ്ടി പ്ലാൻ ബഡ്ജറ്റിൽ ആവശ്യമായ തുക വകയിരുത്തിയതിനുശേഷം മാത്രമേ സാധിക്കുകയുള്ളൂ. ആയതിനാൽ, തദ്ദേശസ്വയംഭരണ വകുപ്പിനോട് പ്രസ്തുത ശുദ്ധജലതടാകങ്ങളെ പഞ്ചായത്തിന്റെ അധീനതയിൽ നിന്നും ഒഴിവാക്കിക്കൊണ്ട് നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുന്നതിന് ആവർത്തിച്ച് ആവശ്യപ്പെട്ടിട്ടുണ്ട് എന്ന വിവരം ഇതിനാൽ അറിയിക്കുന്നു.

40. ഇതു സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പിന്റെ റിപ്പോർട്ട് താഴെപ്പറയും പ്രകാരമാണ്.

41. മേൽ വിഷയം സംബന്ധിച്ചുള്ള അധികാര വികേന്ദ്രീകരണ കമ്മിറ്റിയുടെ ശുപാർശയുടെ പ്രസക്തഭാഗം ഉള്ളടക്കം ചെയ്യുന്നതോടൊപ്പം നിർദ്ദിഷ്ട ഇറിഗേഷൻ ബില്ലിൽ പഞ്ചായത്തുരാജ് ആക്ടിനു അനുസൃതമായി ഭേദഗതി വരുത്തുവാനായി ജലസേചന വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നുള്ള വിവരം അറിയിക്കുന്നു.

## വിനോദസഞ്ചാര വകുപ്പ്

### രണ്ട്, നാല് എന്നീ ശുപാർശകളിന്മേൽ സ്വീകരിച്ച നടപടി

42. ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ ഈയിടെ തടാകത്തിന് ചുറ്റുമുള്ള സ്ഥലത്ത് വിവിധ ഇനങ്ങളിൽപ്പെട്ട 500 മുളന്തൈകൾ നട്ടുപിടിപ്പിച്ചു. ഇവ വളർന്നു വരുമ്പോൾ മാത്രമല്ല പ്രകൃതിഭംഗി ഉറപ്പുവരുത്തുവാനും സഹായകമാകും. വരും വർഷങ്ങളിലും ഈ പ്രക്രിയ തുടരുന്നതാണ് അടുത്ത വർഷം ഇവ വച്ചു പിടിപ്പിക്കുന്നതാണ്. വനം വകുപ്പിനും ഇക്കാര്യത്തിൽ വേണ്ട നിർദ്ദേശം നൽകിയിട്ടുണ്ട്.

43. നാലാമത് ശുപാർശയിന്മേലുള്ള ഇപ്പോഴത്തെ അവസ്ഥ സംബന്ധിച്ച് സമിതി ആരാഞ്ഞ അധിക വിവരത്തിന് ലഭിച്ച മറുപടി താഴെപറയും പ്രകാരമാണ്.

44. തടാകത്തിന്റെ ചുറ്റുമായി ഇപ്പോൾ ഏകദേശം 1000 മുളന്തൈകൾ ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ വിവിധ സന്നദ്ധസംഘടനകളുടെ പങ്കാളിത്തത്തോടെ വച്ചുപിടിപ്പിച്ചിട്ടുണ്ട്.

<u>മൂന്നാമത് ശുപാർശയിന്മേൽ സ്വീകരിച്ച നടപടി</u>

45. പദ്ധതിപ്രദേശത്ത് കൃഷി ചെയ്യുന്നതും കന്നുകാലികളെ മേയ്ക്കുന്നതും കർശനമായി നിരോധിച്ചിട്ടുണ്ട്

<u>അഞ്ചാമത് ശുപാർശയിന്മേൽ സ്വീകരിച്ച നടപടി</u>

46. തടാകത്തിന് ചുറ്റുമായി നിൽക്കുന്ന വൃക്ഷങ്ങളും മറ്റ് സസ്യങ്ങളും സംരക്ഷിക്കുന്നതിനുവേണ്ട നടപടികൾ ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ സ്വീകരിച്ചിട്ടുണ്ട്.

<u>ഏഴാമത് ശുപാർശയിന്മേൽ സ്വീകരിച്ച നടപടി</u>

47. സന്ദർശകർ മാലിന്യങ്ങൾ നിക്ഷേപിക്കാതിരിക്കാൻ ടൂറിസം കൗൺസിൽ ശ്രദ്ധിക്കുന്നുണ്ട്. സന്ദർശകർക്ക് നിർദ്ദേശം നൽകുന്ന ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്. മാലിന്യങ്ങൾ നിക്ഷേപിക്കുന്നതിനെതിരെ സന്ദർശകരെ ജീവനക്കാർ പറഞ്ഞ് മനസ്സിലാക്കാറുണ്ട്. പ്ലാസ്റ്റിക് മുതലായ വസ്തുക്കൾ പെറുക്കിമാറ്റാറുമുണ്ട്. ഇതിന് വിവിധ കോളേജുകളിലെ നേച്ചർ ക്ലബ്ബുകൾ, പരിയാവരൻവാഹിനി പ്രവർത്തകർ എന്നിവരുടെ സഹായം ചിലപ്പോഴൊക്കെ ലഭിക്കാറുണ്ട്.

<u>എട്ടാമത് ശുപാർശയിന്മേൽ സ്വീകരിച്ച നടപടി</u>

48. കോഴിക്കോട് CWRDM നടത്തിയ പഠനത്തിൽ, തടാകത്തിനുള്ളിൽ മത്സ്യം വളർത്തുന്നതും മത്സ്യ കുഞ്ഞുങ്ങളുടെ നഴ്സറി തയ്യാറാക്കുന്നതും തടാകത്തിലെ ഇക്കോ സിസ്റ്റത്തെ ബാധിക്കുമെന്ന് മനസ്സിലാക്കിയിട്ടുണ്ട്. ഇക്കാര്യത്തിൽ ഫിഷറീസ് വകുപ്പാണ് അനന്തരനടപടി സ്വീകരിക്കേണ്ടത്.

<u>ഒമ്പതാമത് ശുപാർശയിന്മേൽ സ്വീകരിച്ച നടപടി</u>

49. ജലത്തിന്റെ ഗുണനിലവാരം കാലാകാലങ്ങളിൽ പരിശോധിക്കുന്നതിന് ഡി.റ്റി.പി.സി. കോഴിക്കോട് CWRDM-നോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

<u>പത്താമത് ശുപാർശയിന്മേൽ ലഭിച്ച മറുപടി</u>

50. തടാകപരിസരത്ത് ടൂറിസം വികസന പ്രവർത്തനങ്ങൾ പരിസ്ഥിതിക്ക് അനുസരണമായി മാത്രമേ നടത്തുന്നുള്ളൂ. പരിസ്ഥിതിയെ ദോഷമായി ബാധിക്കുന്ന യാതൊരു വികസന പ്രവർത്തനവും തടാക പരിസരത്ത് മേലിൽ അനുവദിക്കുന്നതല്ല. പരിസ്ഥിതിയെ പോഷിപ്പിക്കുന്നതിനായി മരങ്ങൾ, ചെടികൾ, ഈറ, മുള എന്നിവ നട്ടുപിടിപ്പിക്കുവാൻ ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ ശ്രദ്ധിക്കുന്നുണ്ട്.

<u>പതിനൊന്നാമത് ശുപാർശയിന്മേൽ സ്വീകരിച്ച നടപടി</u>

51. സന്ദർശകർക്ക് താമസസൗകര്യം അനുവദിച്ചിട്ടില്ല. സഞ്ചാരികൾ തടാകം സന്ദർശിച്ച് തിരിച്ചുപോകുന്ന സംവിധാനമാണ് നിലവിലുള്ളത്.

<u>പതിമൂന്നാമത് ശുപാർശയിന്മേൽ സ്വീകരിച്ച നടപടി</u>

52. ചപ്പുചവറുകളും പ്ലാസ്റ്റിക്കും യഥാസമയങ്ങളിൽ നീക്കം ചെയ്യുന്നുണ്ട്. ഒരു മിനിഗാർബേജ് ഡിസ്പോസൽ സംവിധാനം സ്ഥാപിക്കുവാനും പരിപാടിയുണ്ട്.

53. പൂക്കോട് തടാക പരിസരത്ത് മാലിന്യനിർമ്മാർജ്ജനം നടത്തുന്നതിനായി മിനിഗാർബേജ് ഡിസ്പോസൽ സംവിധാനം സ്ഥാപിച്ചോ, ഇല്ലെങ്കിൽ അതിന്റെ പ്രവർത്തനം ഏതുവരെയായി എന്നത് സംബന്ധിച്ച് അധികവിവരം ആരാഞ്ഞതിന് ലഭിച്ച മറുപടി ചുവടെ ചേർക്കുന്നു.

54. പൂക്കോട് തടാകപരിസരത്ത് മാലിന്യനിർമ്മാർജ്ജനം നടത്തുന്നതിനായി ക്ലീൻഡെസ്റ്റിനേഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി ദിവസവും കുടുംബശ്രീ വാളണ്ടിയർമാർ ജോലി ചെയ്തുവരുന്നു. ആവശ്യമായ ഡെസ്റ്റ് ബിന്നുകൾ പല ഭാഗത്തായി സ്ഥാപിച്ചിട്ടുണ്ട്. തടാകത്തിന്റെ പരിസരവും ചുറ്റുമുള്ള റോഡും വൃത്തിയായി സൂക്ഷിക്കുന്നതിന് ഡി.ടി.പി.സി. നടപടി സ്വീകരിച്ചിട്ടുണ്ട്.

<u>പതിനാലാമത് ശുപാർശയിന്മേൽ സ്വീകരിച്ച നടപടി</u>

55. പരിസ്ഥിതി പ്രവർത്തകർ, വിവിധ വകുപ്പുകൾ എന്നിവയുടെ സഹകരണത്തോടെ ബോധവൽക്കരണ ക്ലാസുകൾ നടത്തുന്നുണ്ട്.

56. പൂക്കോട് തടാകത്തിലെ ജലത്തിന്റെ ഗുണനിലവാരം കാലാകാലങ്ങളിൽ പരിശോധിച്ച് ഉറപ്പുവരുത്തുന്നതിനോ, തടാകത്തിലേയും പരിസര പ്രദേശത്തെയും എക്കോസിസ്റ്റം പരിരക്ഷിക്കുന്നതിനോ, തടാകം മലീമസമാകാതെ പരിരക്ഷിക്കുന്നതിനോ, ബന്ധപ്പെട്ട വകുപ്പുകളുടെ ഏകോപനത്തോടെയുള്ള യാതൊരുവിധ പ്രവർത്തനവും നാളിതുവരെ നടന്നിട്ടില്ല. തടാകവും അതിന്റെ പാരിസ്ഥിതികാവസ്ഥയും നിലനിർത്തുന്നതിലും സംരക്ഷിക്കുന്നതിലും ബന്ധപ്പെട്ട വകുപ്പുകളുടെ ഭാഗത്തുനിന്നും അതീവ ഗുരുതരമായ അനാസ്ഥയാണുണ്ടായിട്ടുള്ളതെന്ന് സമിതിയുടെ ഒന്നാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേൽ ഗവൺമെന്റ് വകുപ്പുകൾ സ്വീകരിച്ച നടപടികൾ പരിശോധിച്ച സമിതി വിലയിരുത്തുന്നു.

57. സമിതിയുടെ (1992-94) ഒന്നാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേൽ സ്വീകരിച്ച നടപടികൾ നേരിട്ട് വിലയിരുത്തുന്നതിനായി സമിതി 15-12-2000-ത്തിൽ സ്ഥലം സന്ദർശിക്കുകയും ബന്ധപ്പെട്ടവരുമായി ചർച്ച നടത്തുകയും ചെയ്തു.

58. പരിസ്ഥിതി സമിതി (1992-94)യുടെ ഒന്നാമത് റിപ്പോർട്ടിലെ ശുപാർശകൾ നല്കി ഏകദേശം ഒന്നര പതിറ്റാണ്ട് കഴിഞ്ഞിട്ടും പൂക്കോട് തടാകത്തെ സംബന്ധിച്ച മലിനീകരണ, പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് സ്ഥായിയായ പരിഹാരങ്ങൾ ഒന്നുംതന്നെ ഉണ്ടായിട്ടില്ല. മേൽപ്പറഞ്ഞ വസ്തുത കണക്കിലെടുത്ത്, പൂക്കോടിന്റെ ഇപ്പോഴത്തെ അവസ്ഥ വിലയിരുത്തുന്നതിനായി ഇപ്പോഴത്തെ സമിതി (2006-09), 22-8-2007-ന് പൂക്കോട് സന്ദർശിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ, സന്നദ്ധസംഘടനാ പ്രതിനിധികൾ, ജനപ്രതിനിധികൾ, പരിസ്ഥിതി പ്രവർത്തകർ തുടങ്ങിയവരുമായി ചർച്ചകൾ നടത്തുകയും ചെയ്തതിന്മേൽ പൂക്കോട് തടാകം ഇന്ന് നേരിടുന്ന നിരവധി പാരിസ്ഥിതിക മലിനീകരണ പ്രശ്നങ്ങൾ സമിതിയുടെ ശ്രദ്ധയിൽപ്പെട്ടു.

59. അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾവഴി പൂക്കോട് തടാക പ്രദേശത്തുള്ള മഴക്കാടുകളുടെയും, കുന്നുകളുടെയും അരുവികളുടെയും നാശം, ആവശ്യമായ മലിനജല ബഹിർഗമന സംവിധാങ്ങളില്ലാതെ നടപ്പിലാക്കുന്ന ഫിഷറീസ് ഹാച്ചറി നിർമ്മാണം, തടാകത്തിന്റെ ചുറ്റിലും അനുവദിച്ചിട്ടുള്ള കുതിരസവാരിമൂലമുണ്ടാകുന്ന മലിനീകരണ പ്രശ്നങ്ങൾ, തടാക പരിസരത്ത് നിക്ഷേപിക്കപ്പെടുന്ന പ്ലാസ്റ്റിക് പ്ലേറ്റുകൾ, ഡിസ്പോസിബിൾ ഗ്ലാസ്സുകൾ, ഐസ് ക്രീം കപ്പുകൾ, ഭക്ഷണാ വശിഷ്ടങ്ങൾ എന്നിവമൂലമുണ്ടാകുന്ന മലിനീകരണം, എന്നിവയ്ക്കുപുറമേ സമിതി ഗൗരവമായി കാണുന്ന മറ്റൊരു വിഷയമാണ് തടാകത്തിന്റെ കൃത്യമായ വിസ്തൃതി അളന്ന് തിട്ടപ്പെടുത്തുന്നതിലെ കാലതാമസം.

60. മേൽ വസ്തുതകളുടെ വെളിച്ചത്തിൽ നാശോന്മുഖമായിക്കൊണ്ടിരിക്കുന്ന പൂക്കോട് തടാകത്തിന്റെ സംരക്ഷണത്തിനായി താഴെപ്പറയുന്ന അടിയന്തിര നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(1) മണ്ണൊലിപ്പുമൂലം തടാകത്തിൽ വന്നടിഞ്ഞിട്ടുള്ള മണ്ണ് തടാകത്തിന്റെ സംഭരണശേഷി കുറയുന്നതിന് കാരണമായിട്ടുള്ളതിനാൽ പര്യാപ്തമായ ശാസ്ത്രീയ പഠനം നടത്തി പ്രാപ്തമായ ഒരു ഏജൻസിയെകൊണ്ട് തടാകം ഡീ-സിൽട്ട് ചെയ്യുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കണ മെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(2) തടാകത്തിനുചുറ്റുമുള്ള കുന്നുകളുടെ സംരക്ഷണം ഉറപ്പുവരുത്തുന്നതി നായി കുന്നിൻചരിവുകളിൽ യാതൊരുവിധ നിർമ്മാണ പ്രവർത്തന ങ്ങളും അനുവദിക്കാതിരിക്കുക.

(3) പൂക്കോട് തടാകത്തിന്റെ അതിരുകൾ കൃത്യമായി അളന്ന് തിട്ടപ്പെടുത്തി സംരക്ഷിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുക.

(4) തടാകത്തിലെ ജലസാമ്പിൾ പരിശോധിച്ച് ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡേർഡ് നിയമിച്ചിട്ടുള്ള ഗുണനിലവാരപരിധിയുമായി താരതമ്യം ചെയ്യുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കുക.

(5) ജലസ്രോതസ്സുകളിൽ മാലിന്യങ്ങൾ വലിച്ചെറിയുന്നത് പൂർണ്ണമായും തടയുന്നതിനാവശ്യമായ നിയമനിർമ്മാണം നടത്തുക.

രാജാജി മാത്യൂ തോമസ്,

തിരുവനന്തപുരം,
ജൂലൈ 16, 2008.

*ചെയർമാൻ,*
*പരിസ്ഥിതി സംബന്ധിച്ച സമിതി.*